THE NEW INDIAN EXPRESS
KOCHI MONDAY 2 JUNE 2014

# Birth Anniversary Celebrations

**Express News Service**

**Palakkad:** The 90th birthday celebrations of retired Inspector General of Police (IGP) V N Rajan was celebrated at his residence in Kongad on Sunday.

V N Rajan was the IGP of Kerala during 1974 -78. From 1979 to 1982, he was the Director of National Institute of Criminology and Forensic Science, New Delhi. V N Rajan has also served as the professor of Criminology at Maharshi European Research University, Switzerland, and National Law University, Beijing.

The birthday celebrations were held under the auspices of VISWAS (Victim Information, Sensitisation, Welfare and Assistance Society), Palakkad.

Former High Court Judge Justice Chettur Sankaran Nair inaugurated the event. VISWAS Vice-president V P Kuriakose presided over the function.

Adv S Santha Devi, Prafullada, B Jayarajan, Adv Reena Jaijith, Sreevalsan, Thankam Rajan and film director Sarath Haridas, among others spoke at the function organised as part of celebrations.

Assistant Public Prosecutor and VISWAS Secretary P Premnath welcomed the gathering and Prafullada proposed a vote of thanks.



**The 90th birthday of retired Inspector General of Police V N Rajan being celebrated at his residence at Kongad in Palakkad on Sunday**



കോങ്ങാട് കോട്ടപ്പടിക്കളത്തിൽ നടന്ന റിട്ട: ഐജി വി.എൻ. രാജന്റെ നവതി ആഘോഷത്തിൽനിന്ന്

# റിട്ട: ഐജി വി. എൻ. രാജന് സ്നേഹനിറവിൽ നവതി ആഘോഷം

കോങ്ങാട് ● സ്നേഹനിറവിൽ റിട്ട: ഐജി വി. എൻ. രാജന് നവതി ആഘോഷം. പൊലീസ് സേനയിലെ വേറിട്ട വ്യക്തിത്വമായിരുന്ന വി. എൻ. രാജനു സ്നേഹസല്യൂട്ട് നൽകാൻ ആദ്യമെത്തിയത് എഡിജിപി ശങ്കർ റെഡ്ഡിയും കുടുംബവുമായിരുന്നു. കുറ്റകൃത്യങ്ങൾക്ക് ഇരയായവരെ സഹായിക്കുന്ന സംഘടനയായ വിശ്വാസ് പ്രവർത്തകർ രാവിലെ 11 മണിയോടെ എത്തി. ഇതോടെ സൗഹൃദത്തിന്റെ ഊഷ്മളതയിലായി കോട്ടപ്പടിക്കളം കുടുംബാംഗങ്ങളും. നവതി ആദരങ്ങളിൽ സാന്നിധ്യമായി. ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ ഉദ്ഘാടനം ചെയ്തു. ജീവിച്ചിരിക്കുന്ന ആൾ(വി. എൻ. രാജൻ) എഴുതിയ പുസ്തകം വിധി ന്യായത്തിൽ ഭാഗമാക്കാൻ കഴിഞ്ഞത് അപൂർവ അനുഭവമായതായി അദ്ദേഹം പറഞ്ഞു.

വിശ്വാസ് വൈസ് പ്രസിഡന്റ് വി. പി. കുര്യാക്കോസ് അധ്യക്ഷനായി. സെക്രട്ടറി പി. പ്രേംനാഥ്, അഡ്വ. എസ്. ശാന്താദേവി, ബി. ജയരാജൻ, അഡ്വ. റീന ജയ്ജിത്ത്, ശ്രീവത്സൻ, സംവിധായകൻ ശരത് ഹരിദാസ്, വി. എൻ. രാജന്റെ ഭാര്യ തങ്കം രാജൻ തുടങ്ങിയവർ പ്രസംഗിച്ചു. കുറ്റകൃത്യങ്ങൾക്ക് ഇരയാവുന്നവർക്കും, സാക്ഷികൾക്കും നഷ്ടപരിഹാരം നടപ്പാക്കുന്നതിനെക്കുറിച്ചുള്ളതാണു വി. എൻ. രാജന്റെ ഗ്രന്ഥങ്ങൾ. കേക്കുമുറിക്കലും സദ്യയും ജന്മദിനം ഇരട്ടിമധുരമുള്ളതാക്കി. വീണ്ടുമൊരിക്കൽകൂടി വി. എൻ. രാജന് ആയുരാരോഗ്യസൗഖ്യം നേർന്നാണ് അതിഥികളും കുടുംബാംഗങ്ങളും യാത്രയായത്.

മാതൃഭൂമി • 2014 ജൂൺ 2 • തിങ്കളാഴ്ച



മുൻ ഐ.ജി. വി.എൻ. രാജനെ നവതിയോടനുബന്ധിച്ച് ആദരിക്കുന്നു

# വി.എൻ. രാജൻെറ നവതി ആഘോഷിച്ചു

**കോങ്ങാട്:** മുൻ ഐ.ജി. വി.എൻ. രാജൻെറ നവതി ആഘോഷിച്ചു. പാലക്കാട് 'വിശ്വാസ്'ൻെറ നേതൃത്വത്തിൽ അദ്ദേഹത്തെ ആദരിച്ചു. കോങ്ങാട് കോട്ടപ്പടിക്കളത്തിൽ നടന്ന ചടങ്ങ് ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ ഉദ്ഘാടനം ചെയ്തു. വിശ്വാസ് വൈസ് പ്രസിഡൻറ് വി.പി. കുര്യാക്കോസ് അധ്യക്ഷനായി. അഡ്വ. എ. ശാന്താദേവി, പ്രഫുല്ലദാസ്, ബി. ജയരാജൻ, അഡ്വ. റീന ജെജിത്ത്, ശ്രീവത്സൻ, തങ്കം രാജൻ, സംവിധായകൻ ശരത് ഹരിദാസ്, വിശ്വാസ് സെക്രട്ടറി അഡ്വ. പ്രേംനാഥ് തുടങ്ങിയവർ സംസാരിച്ചു.

# വി.എൻ. രാജൻ പ്രവർത്തനനിരതനാണ്, നവതിവേളയിലും



വി.എൻ. രാജൻ

**പാലക്കാട്:** കുറ്റകൃത്യങ്ങളുടെ ഇരകളാകുന്നവർക്കുവേണ്ടി അഹോരാത്രം പ്രവർത്തിച്ച മുൻ ഐ.ജി. വി.എൻ.രാജന് ഇന്ന് 90-ാം ജന്മദിനം. അടിയന്തരാവസ്ഥക്കാലത്ത് കേരളത്തിൻെറ ക്രമസമാധാനം പരിപാലിച്ച പോലീസ്മേധാവിക്ക് ഇപ്പോഴും വിശ്രമമില്ല.

ഇന്ത്യയിൽ 'വിക്ടിമോളജിയുടെ പിതാവ്' എന്നറിയപ്പെടുന്ന അദ്ദേഹം നവതിവേളയിലും സജീവമാണ്, 'വിശ്വാസ്' പോലുള്ള സംഘടനകളുടെ ഉപദേശകസ്ഥാനത്തും പ്രവർത്തനങ്ങളിലും.

ജൂൺ ഒന്നിനാണ് വി.എൻ. രാജൻെറ 90-ാം പിറന്നാൾ. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിമിനോളജി ആൻഡ് ഫോറൻസിക് സയൻസിൻെറ മുൻ ഡയറക്ടറായ അദ്ദേഹം 1974-78 കാലഘട്ടത്തിലാണ് കേരളത്തിൽ ഐ.ജി. ആയിരുന്നത്.

നാഷണൽ ലോ യൂണിവേഴ്സിറ്റിയിലും സ്വിറ്റ്സർലൻഡ് മഹർഷി യൂറോപ്യൻ റിസർച്ച് യൂണിവേഴ്സിറ്റിയിലും ക്രിമിനോളജി പ്രൊഫസറായിരുന്നു.

24-ാം വയസ്സിൽ ഇന്ത്യൻ പോലീസ് സർവീസിൽ ചേർന്ന അദ്ദേഹം മദ്രാസ് സംസ്ഥാനത്തും പിന്നീട് കേരളസംസ്ഥാനം രൂപവത്കരിച്ചപ്പോൾ കേരളത്തിലും സേവനമനുഷ്ഠിച്ചു.

കുറ്റകൃത്യങ്ങളുടെ ഇരകൾ നേരിടുന്ന പ്രശ്നങ്ങളും അവർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരവും സംബന്ധിച്ച് ക്രിമിനൽ നീതിന്യായസംവിധാനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് നിരവധി ലേഖനങ്ങളും പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. അന്താരാഷ്ട്ര കോൺഫറൻസുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. 'വിക്ടിമോളജി ഇൻ ഇന്ത്യ', 'പെർസ്പെക്ടീവ്സ് ബിയോണ്ട് ഫ്രോണ്ടിയേഴ്സ്', 'വിക്ടിം ക്രിമിനൽ ജസ്റ്റിസ് പോളിസി' തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചയിതാവാണ്.

കോങ്ങാട് കോട്ടപ്പടിക്കളത്തിൽ താമസിക്കുന്ന വി.എൻ. രാജനെ പാലക്കാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'വിശ്വാസ്'ൻെറ അംഗങ്ങൾ ഞായറാഴ്ച ആദരിക്കും. കുറ്റകൃത്യങ്ങളുടെ ഇരകളായവർക്കുവേണ്ടി പ്രവർത്തിക്കുന്ന വിശ്വാസിൻെറ മുഖ്യ രക്ഷാധികാരിയാണ് അദ്ദേഹം. ഞായറാഴ്ച 11.30ന് കോങ്ങാട്ടെ വസതിയിലാണ് ആദരച്ചടങ്ങ്.

# വി.എൻ. രാജൻ പ്രവർത്തനനിരതനാണ്, നവതിവേളയിലും

**പാലക്കാട്:** കുറ്റകൃത്യങ്ങളുടെ ഇരകളാകുന്നവർക്കുവേണ്ടി അഹോരാത്രം പ്രവർത്തിച്ച മുൻ ഐ.ജി. വി.എൻ.രാജന് ഇന്ന് 90–ാം ജന്മദിനം. അടിയന്തരാവസ്ഥക്കാലത്ത് കേരളത്തിന്റെ ക്രമസമാധാനം പരിപാലിച്ച പോലീസ്മേധാവിക്ക് ഇപ്പോഴും വിശ്രമമില്ല.

ഇന്ത്യയിൽ 'വിക്ടിമോളജിയുടെ പിതാവ്' എന്നറിയപ്പെടുന്ന അദ്ദേഹം നവതിവേളയിലും സജീവമാണ്, 'വിശ്വാസ്' പോലുള്ള സംഘടനകളുടെ ഉപദേശകസ്ഥാനത്തും പ്രവർത്തനങ്ങളിലും.

വി.എൻ. രാജൻ

ജൂൺ ഒന്നിനാണ് വി.എൻ. രാജന്റെ 90–ാം പിറന്നാൾ. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിമിനോളജി ആൻഡ് ഫോറൻസിക് സയൻസിന്റെ മുൻ ഡയറക്ടറായ അദ്ദേഹം 1974–78 കാലഘട്ടത്തിലാണ് കേരളത്തിൽ ഐ.ജി. ആയിരുന്നത്.

നാഷണൽ ലോ യൂണിവേഴ്സിറ്റിയിലും സ്വിറ്റ്സർലൻഡ് മഹർഷി യൂറോപ്യൻ റിസർച്ച് യൂണിവേഴ്സിറ്റിയിലും ക്രിമിനോളജി പ്രൊഫസറായിരുന്നു.

24–ാം വയസ്സിൽ ഇന്ത്യൻ പോലീസ് സർവീസിൽ ചേർന്ന അദ്ദേഹം മദ്രാസ് സംസ്ഥാനത്തും പിന്നീട് കേരളസംസ്ഥാനം രൂപവത്കരിച്ചപ്പോൾ കേരളത്തിലും സേവനമനുഷ്ഠിച്ചു.

കുറ്റകൃത്യങ്ങളുടെ ഇരകൾ നേരിടുന്ന പ്രശ്നങ്ങളും അവർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരവും സംബന്ധിച്ച് ക്രിമിനൽ നീതിന്യായസംവിധാനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് നിരവധി ലേഖനങ്ങളും പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. അന്താരാഷ്ട്ര കോൺഫറൻസുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. 'വിക്ടിമോളജി ഇൻ ഇന്ത്യ', 'പെർസ്പെക്ടീവ്സ് ബിയോണ്ട് ഫ്രോണ്ടിയേഴ്സ്', 'വിതർ ക്രിമിനൽ ജസ്റ്റിസ് പോളിസി' തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചയിതാവാണ്.

കോങ്ങാട് കോട്ടപ്പടിക്കളത്തിൽ താമസിക്കുന്ന വി.എൻ. രാജനെ പാലക്കാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'വിശ്വാസി'ന്റെ അംഗങ്ങൾ ഞായറാഴ്ച ആദരിക്കും. കുറ്റകൃത്യങ്ങളുടെ ഇരകളായവർക്കുവേണ്ടി പ്രവർത്തിക്കുന്ന വിശ്വാസിന്റെ മുഖ്യരക്ഷാധികാരിയാണ് അദ്ദേഹം. ഞായറാഴ്ച 11.30ന് കോങ്ങാട്ടെ വസതിയിലാണ് ആദരച്ചടങ്ങ്.